
# Reaching Out

Quarterly issue of Pain and Palliative Care Society, Thrissur

VOLUME - 11. ISSUE - 4. DECEMBER 2015.




എന്റെ ആടുകളും അവരുടെ ജീവിതവും: ചിത്രപരമ്പര 3

Acrylic on paper 16 x 24 inches

# 18th Anniversary







## സൊസൈറ്റിയുടെ പതിനെട്ടാം
## വാർഷികാഘോഷം
## (14.11.2015)







**തൃശ്ശൂർ ചെമ്പർ ഓഫ് കോമേഴ്സിന്റെ ടി.പി. സീതാരാമൻ മെമ്മോറിയൽ അവാർഡ് സൊസൈറ്റിയ്ക്കുവേണ്ടി 2015 ഡിസംബർ 20–ന് ശ്രീ. കെ.പി. അച്ചുതൻ, മന്ത്രി ശ്രീ. സി.എൻ. ബാലകൃഷ്ണനിൽ നിന്നും സ്വീകരിക്കുന്നു.**

# എഡിറ്റോറിയൽ

**സ്വാതന്ത്ര്യസമരത്തിന്റെ** നാളുകളിൽ മുഴങ്ങിക്കേട്ട ഊർജ്ജസ്വലതയുള്ള ഒരു മുദ്രാവാക്യമായിരുന്നു – സ്വാതന്ത്ര്യം എന്റെ ജന്മാവകാശമാണ് എന്നത്. സ്വാതന്ത്ര്യത്തിനുവേണ്ടി ജീവൻ കൊടുത്ത മനുഷ്യസ്നേഹികളുടെ മൂന്നാം തലമുറയിലാണ് നമ്മുടെ രാഷ്ട്രം എത്തിനില്ക്കുന്നത്. ആയിരത്തിതൊള്ളായിരത്തി അമ്പതിൽ നിലവിൽ വന്ന നമ്മുടെ ഭരണഘടനയിൽ ജാതിമതലിംഗഭേദമെന്യേ സ്വാതന്ത്ര്യവും സമത്വവും നീതിയും വാഗ്ദാനം ചെയ്യുകയുണ്ടായി. ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ ആദ്യവർഷങ്ങളിലാണ് തൊഴിൽ ചെയ്യാനുള്ള അവകാശവും വിദ്യയഭ്യസിക്കാനുള്ള അവകാശവും വിവരാവകാശവും വളരെ പ്രകടമായിത്തന്നെ പ്രാവർത്തികമാക്കപ്പെടുന്നത്.

എന്നിട്ടും എന്തുകൊണ്ടോ – ആരോഗ്യം പൗരന്റെ അവകാശമാണെന്നത് – ഒരു ഭരണഘടനാ പ്രഖ്യാപനമായി നിലവിൽ വന്നിട്ടില്ല, നമ്മുടെ നാട്ടിൽ. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാറുകളും ആരോഗ്യമേഖലയിൽ നിന്ന് സാവകാശം പിൻവലിയുകയും ലാഭേച്ഛ ലക്ഷ്യമാക്കിയുള്ള സ്വകാര്യപങ്കാളിത്തം വർധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ആരോഗ്യം പൗരന്റെ അവകാശമാണെന്നതിന് ഏറെ പ്രസക്തിയുണ്ട്.

സാന്ത്വനപരിചരണം കേരളത്തിൽ ഒരു സർക്കാർ നയവും പദ്ധതിയുമായി പ്രാവർത്തികമായി വരികയാണ്. കാൻസർ, പക്ഷാഘാതം, വൃക്കത്തകരാറ്, പീഡിതമായ വാർധക്യം എന്നീ ദീർഘകാല ദുരിതങ്ങളാൽ കഷ്ടപ്പെടുന്ന നമ്മുടെ സഹോദരങ്ങൾ, പലപ്പോഴും രണ്ടാംകിടപൗരന്മാരും മൂന്നാംകിട പൗരിമാരും ആയി അവഗണിക്കപ്പെടുന്ന അവസ്ഥ സമൂഹത്തിലുണ്ട്. സാന്ത്വനപരിചരണരംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാരും നഴ്സുമാരും സന്നദ്ധപ്രവർത്തകർ പോലും തങ്ങളുടെ സേവനത്തെ ഒരു മനുഷ്യാവകാശ പ്രവർത്തനമായി പരിഗണിക്കുന്നത് അപൂർവ്വമാണ്. കാരുണ്യം എന്ന വിശാലമായ മേഖലയിലാണ് തങ്ങളുടെ സേവനത്തെ അവരിൽ പലരും വിലയിരുത്തുന്നത്.

എന്നാൽ ദീർഘകാലരോഗങ്ങളാൽ വേദനിക്കുന്ന സഹോദരങ്ങളുടെ ജീവിതത്തിന്റെ ഗുണനിലവാരം ഉയർത്തുകയെന്നത് കാരുണ്യം എന്ന വാക്കിൽ ഒതുങ്ങുന്നില്ല. ദീർഘകാലരോഗങ്ങളാൽ ശാരീരികമായും സാമൂഹ്യമായും മാനസികമായും ആത്മീയമായും വേദനിക്കുന്ന മനുഷ്യർക്ക് വികാരങ്ങളും വിചാരങ്ങളുമുണ്ട്. അവർ രണ്ടാംകിട പൗരന്മാരോ മൂന്നാംകിട പൗരികളോ അല്ല. അവർ നമ്മെപ്പോലെ വികാരവിചാരങ്ങളുള്ള പൂർണ്ണപൗരന്മാരാണ്. അവരുടെ ജീവിതത്തിന്റെ ഗുണനിലവാരം ഉയർത്തുവാൻ അവരെ സമഗ്രമായി ശാക്തീകരിക്കുകയെന്നതാണ് സാന്ത്വനപരിചരണത്തിലൂടെ നാം ചെയ്യുന്നത്. ആരോഗ്യം പൗരന്റെ അവകാശമാണെന്ന ഉത്തമബോധ്യം സന്നദ്ധസേവകർക്കുണ്ടെങ്കിൽ മാത്രമേ, രോഗപീഡകളാൽ വേദനിക്കുന്നവരെ അവരുടെ അവകാശങ്ങൾക്കായി ശാക്തീകരിക്കാൻ നമുക്ക് കഴിയൂ. ഈ സമഗ്രമായ ശാക്തീകരണത്തിന് അവരെ സജ്ജീകരിക്കുക, അവർക്ക് വഴികാട്ടുക, എന്നിവയൊക്കെ യാണ് സന്നദ്ധപ്രവർത്തനത്തിലൂടെ ചെയ്യുന്നത്. കാരുണ്യം അതിന്റെ ഒരു മാർഗ്ഗം മാത്രമാണ്.

**കെ. അരവിന്ദാക്ഷൻ**


# Reaching Out

Quarterly issue of Pain and Palliative Care Society, Thrissur

VOLUME - 11 ● ISSUE-4 ● DECEMBER-2015

Quarterly issue of Pain and Palliative Care Society, Thrissur
Reg. No. 591/97
Old District Hospital Building, Thrissur - 680 001

Redg. Off : “Manjith”, Chembukkavu, Thrissur-680 020
Ph : 0487 2322128
www.painandpalliativecarethrissur.org
email : ppcs.thrissur@gmail.com

Published : Pain and Palliative Care Society, Thrissur

Managing Editor : Secretary, PPCS

Layout & Printed at : iMAC Creations, Thrissur

Pencil Drawings : Vincent Van Gogh

മുഖചിത്രം : അനുജാത് സിന്ധു വിനയലാൽ
ചിത്രം: എന്റെ ആടുകളും അവരുടെ ജീവിതവും–പരമ്പര 3
അന്തർദേശീയ ചിത്രരചനാ മത്സരത്തിൽ സമ്മാനം–2014
ന്യൂഡൽഹിയിലെ ഇന്ത്യൻ ഇന്റർനാഷണൽ സെന്ററിൽ ചിത്ര പ്രദർശനം
ഏഷ്യയിലെ കുട്ടികളിലെ മികച്ച ചിത്രകാരൻ–2013
ദേവമാത സി.എം.ഐ. പബ്ലിക് സ്കൂളിൽ 5–ാം ക്ലാസ്സ് വിദ്യാർത്ഥി (10 വയസ്സ്)



*This issue sponsored by*
**SRI VARI AUTO MOTIVES**
KARUNAKARAN NAMBIAR ROAD
THRISSUR

# ബലി

▸ അനാമിക



ആമെസ്സൺ പെണ്ണ്
അനന്യ; രണോത്സുക
അങ്കത്തട്ടിൽ ചങ്കുറച്ചവൾ
അടരാടാൻ വീറുറ്റവൾ
അരിയോടവൾക്കില്ല ഉദാരത
അമ്പെയ്ത്തിലുന്നമേറ്റാൻ
വലത്തെ മുല ബലി നല്കിയവൾ
ഏകസ്തനി
*****************

വൈകിപ്പിറന്നവരവർ
ഇരട്ടകൾ, പെൺകുരുന്നുകൾ
അവസാനത്തെ അരുമകൾ
ഉടപ്പിറപ്പുകളുടെ ചെല്ലപ്പിള്ളകൾ
ഇളമുറക്കാരികൾക്ക് കളിമ്പമേറും
പൂമ്പാറ്റയായ് പാറാൻ കൊതിച്ച
പാവം പൂമൊട്ടുകൾ

ഇതാ, ഇപ്പോഴറിഞ്ഞതീച്ചതി
അവർ
ജാരനെ അറയിലുറക്കി
പകയെടുക്കാൻ പടപ്പുറപ്പാടായിരുന്നു.

പിറവിയ്ക്ക് ചുങ്കം ചുമത്തിയ അപമാനത്തിന്
തായ്മൊഴികൾ താലോലിയ്ക്കാത്ത–
അവഹേളനത്തിന്
അമ്മയുടെ അവഗണനയ്ക്ക്
അച്ഛന്റെ എച്ചിത്തത്തിന്
ചേട്ടന്റെ ചേട്ടത്തത്തിന്

അപരിചിതന്റെ അപരാധത്തിന്
ഇച്ഛകളും ഉണർച്ചകളും കെടുത്തിയതിന്

കണ്ണേറും കോങ്കണ്ണും കൊണ്ടതിന്
കണ്ണാടികൾ ഉടച്ചതിന്
ഉയിരിന്റെ ഉറവകൾ ഉണക്കിയതിന്

ചാരനെ പരിചരിച്ച്
ഒറ്റുകാരികൾ.

അങ്ങനെയാണതനിവാര്യമായത്
ആമെസ്സോണിയൻ ബലിദാനം
ഊഴം തെറ്റി, മുറ മാറി
ഉദകക്രിയകളില്ലാതെ
അവരുടെ സംസ്ക്കാരം
**************************

അവർ
കാടുപൂത്തത് കാണിച്ചില്ലെന്നല്ല
കടലിരമ്പുന്നത് കേൾപ്പിച്ചില്ലെന്നല്ല
കാറ്റിന്റെ കുതിപ്പ് ഏല്പിച്ചില്ലെന്നല്ല
നിലാവിന്റെ നനവ്, പൂവിന്റെ കനവ്........

പൊന്നു പൂക്കുന്ന പൂമരമായാലും
പുരയ്ക്ക് ചാഞ്ഞാൽ പുഴക്കേണ്ടേ?
——————————

# ലോഗോതെറാപ്പിയും എക്സിസ്റ്റെൻഷ്യൽ അനാലിസിസും

ഡോ. ഇ. ദിവാകരൻ

**വിക്ടർ** ഫ്രാങ്ക്ൾ ഒരു ഞരമ്പുരോഗ വിദഗ്ധനും മനോരോഗ വിദഗ്ധനും സർവ്വോപരി ഒരു ദാർശനികനുമായിരുന്നു. ജനിച്ചതും ജീവിച്ചതും ആസ്ത്രിയയിലെ വിയന്നയിൽ. നാസികോൺസൻട്രേഷൻ ക്യാമ്പിൽ അദ്ദേഹത്തിന്റെ വീട്ടുകാരെല്ലാം ഒടുങ്ങി. കോൺസൻട്രേഷൻ ക്യാമ്പ് അതിജീവിച്ച അദ്ദേഹം വിയന്നയിൽ തിരിച്ചെത്തിയ ശേഷം എഴുതിയ പ്രസിദ്ധമായ പുസ്തകമാണ് “ജീവിതത്തിന്റെ സാരത്തിനായുള്ള മനുഷ്യന്റെ അന്വേഷണം – ലോഗോതെറാപ്പിയ്ക്കൊരു മുഖവുര”. കോൺസൻട്രേഷൻ ക്യാമ്പിലെ ദുരനുഭവങ്ങളെക്കുറിച്ചും താൻ അതിനെ എങ്ങനെ അതിജീവിച്ചുവെന്നും അനുഭവത്തിന്റെ വെളിച്ചത്തിൽ ലോഗോതെറാപ്പി എന്ന മനോരോഗ ചികിത്സാരീതി രൂപപ്പെടുത്തിയതിനെക്കുറിച്ചുമെല്ലാം പുസ്തകത്തിലുണ്ട്. ലോഗോതെറാപ്പിയെക്കുറിച്ച് 15ലധികം പുസ്തകങ്ങളും നിരവധി ലേഖനങ്ങളും അദ്ദേഹത്തിന്റേതായുണ്ട്.

എന്താണ് ലോഗോതെറാപ്പിയും എക്സിസ്റ്റെഷ്യൽ അനാലിസിസും? വിക്ടർ ഫ്രാങ്ക്ളിന്റെ മന:ശാസ്ത്രപരമായ സമീപനത്തിന്റെ താത്വിക അടിത്തറയാണ് എക്സിസ്റ്റെൻഷ്യലിസം അഥവാ അസ്തിത്വവാദം. ലോഗോതെറാപ്പിയാകട്ടെ ആ സമീപനത്തിന്റെ പ്രയോഗവും. എന്താണ് എക്സിസ്റ്റെൻഷ്യലിസം? ഡാനിഷ് ചിന്തകനായ കിർക്കി ഗോർഡ് അവതരിപ്പിച്ചതും ജർമ്മൻ ചിന്തകനായ ഹെയ്ഡഗർ പരിഷ്കരിച്ചതുമായ അസ്തിത്വവാദ ദർശനം നാം മനസ്സിലാക്കുന്നത് കൂടുതലായും സാർത്ര, കാഫ്ക, കാമ്യൂ എന്നിവരുടെ സാഹിത്യ സൃഷ്ടികളിലൂടെയാണ്. അതൊരു ജീവിത ദർശനമാണ്. അസ്തിത്വവാദത്തിന്റെ കാതലായ തത്വത്തെ ഏതാണ്ട് ഇപ്രകാരം വിശദീകരിക്കാം: മറ്റുവസ്തുക്കളിൽ നിന്നും വ്യത്യസ്തമായി മനുഷ്യന്റെ കാര്യത്തിൽ അവന്റെ നിലനില്പിനുമുമ്പ് അവന്റെ സത്ത നിശ്ചയിക്കപ്പെട്ടിട്ടില്ല. മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന്റെ അസ്തിത്വമാണ് ആദ്യം ഉണ്ടായത്. തന്റെ നിലനില്പിന് അവൻ സ്വന്തം സത്ത ഉണ്ടാക്കിയെടുക്കുകയാണ് ചെയ്യുന്നത്. മറ്റുവസ്തുക്കളുടെ കാര്യത്തിൽ അങ്ങനെയല്ല. ഉദാഹരണത്തിന് ഒരു പേനക്കത്തിയുടെ കാര്യം നോക്കൂ. അതിന്റെ ഉപയോഗവും അതിന്റെ എല്ലാ സാധ്യതകളും കാലേക്കൂട്ടി തീരുമാനിച്ച് കഴിഞ്ഞതാണ്. ആ ഉദ്ദേശ്യങ്ങളുടെ നിർവ്വഹണത്തിനായി പേനക്കത്തി ഉണ്ടാക്കുകയാണ് ചെയ്യുന്നത്. അതായത് പേനക്കത്തിയുടെ കാര്യത്തിൽ അതിന്റെ സത്ത അതിന്റെ അസ്തിത്വത്തിനുമുമ്പേ നിശ്ചയിക്കപ്പെട്ട് കഴിഞ്ഞിരിക്കുന്നു. ഈ ഒരു വ്യത്യാസം മനുഷ്യനെ സംബന്ധിച്ചിടത്തോളം പരമമായ ഒരു ഉത്തരവാദി ത്തമാണ് ഉണ്ടാക്കുന്നത്. സ്വയം എന്തായി തീരുന്നുവോ അതാണ് മനുഷ്യൻ . തന്റെ പ്രവർത്തനത്തിലൂടെ എന്തൊക്കെയോ ആയിത്തീരേണ്ട ഒന്നാണ് മനുഷ്യാവസ്ഥ.

ഫ്രാങ്ക്ൾ എക്സിസ്റ്റെൻഷ്യൽ അനാലിസിസ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരു മനുഷ്യന്റെ നിലനില്പിനെ ഈ ഒരു ഉത്തരവാദിത്വത്തിന്റെ പേരിൽ വിശകലനം ചെയ്യുക എന്നതാണ്. ഒരാൾക്ക് തന്റെ ഉത്തരവാദിത്വത്തെക്കുറിച്ച് ബോധമുണ്ടാക്കാൻ സഹായിക്കുക എന്നതാണ് എക്സിസ്റ്റെൻഷ്യൽ അനാലിസിസ് ചെയ്യുന്നത്. തന്റെ ഉത്തരവാദിത്വം എന്താണ് എന്ന് അതാത് വ്യക്തി തന്നെയാണ് തീരുമാനിക്കേണ്ടത്. ഈ ഉത്തരവാദിത്തമാകട്ടെ, ജീവിതത്തിന്റെ അർത്ഥവുമായി ബന്ധപ്പെട്ട് കിടക്കുന്നു. എന്താണ് ജീവിതത്തിന്റെ അർത്ഥമെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്? ജീവിതത്തിന്റെ ലക്ഷ്യം, എന്തിന് ജീവിയ്ക്കുന്നു, മുറുകെ പിടിക്കുന്ന മൂല്യങ്ങൾ, നിലനില്പിന്റെ ന്യായീകരണം, പ്രകൃതിയുമായുള്ള ബന്ധം, മനുഷ്യരുമായുള്ള ഇടപെടൽ അതുകൊണ്ടുതന്നെ ജീവിതത്തിന് ഇന്ന ഒരർത്ഥം എന്ന് പറയാനാകില്ല. ഒരു പ്രത്യേകസമയ ത്തും സാഹചര്യം സംബന്ധിച്ചിടത്തോളവും ഇതാണ് അയാളുടെ ജീവിതത്തിന്റെ അർത്ഥമെന്നേ പറയാനൊക്കൂ. ഇപ്രകാരം ജീവിതം സാരവത്താക്കുകയെന്നത് ഒരു പ്രാഥമികമായ ഒരു ചോദനയായി ഫ്രാങ്ക്ൾ കരുതുന്നു. ദാർശനികനായ നീഷേയുടെ ഒരു വാചകം അദ്ദേഹം പലപ്പോഴും ഉദ്ധരിക്കാറുണ്ട്. : He who has a why to live for can bear with almost any how. എന്തിന് ജീവിക്കുന്നു എന്ന കാര്യ

ത്തിൽ തീർച്ചയുണ്ടായാൽ എങ്ങിനെയും ജീവിക്കാനാകും. ജീവിത്തിന്റെ അർത്ഥത്തെ കേന്ദ്രീകരിച്ചുള്ള ഒരു മനോരോഗ ചികിത്സാരീതിയാണ് ലോഗോതെറാപ്പി. ലോഗോസ് എന്ന ഗ്രീക്ക് പദത്തിന് അർത്ഥം എന്നാണ് വിവക്ഷ. ഫ്രാങ്ക്ളിനെ സംബന്ധിച്ചിടത്തോളം മനുഷ്യന് മൂന്ന് തലങ്ങളുണ്ട്. ശരീരം (Soma), മനസ്സ് (Psyche), പിന്നെ അന്തസത്തയായ ആത്മാവ് (Noos). ഗ്രീക്ക് ചിന്തകരായ പ്ളാറ്റോ, സോക്രട്ടീസ് എന്നിവരിൽ നിന്നാണ് ഈ ആശയങ്ങൾ കൈകൊള്ളുന്നത്. Soma, Psyche, Noos എന്നിവ ഗ്രീക്ക് പദങ്ങളാണ്. ജീവിതത്തിന് അർത്ഥവും ലക്ഷ്യവും ഉണ്ടാകണമെന്ന അദമ്യമായ ഒരു ആത്മീയദാഹമാണ് മനുഷ്യനെ മുന്നോട്ട് നയിക്കുന്ന ഏറ്റവും ശക്തമായ ചോദന. ശരീരവും മനസ്സും രോഗഗ്രസ്തമാവാം. എന്നാൽ ആത്മസത്ത ഒരിക്കലും രോഗഗ്രസ്തമാകുന്നില്ല, അതിലേയ്ക്കുള്ള പ്രവേശനം തടസപ്പെട്ടേയ്ക്കാമെന്ന് മാത്രം.

പാലിയേറ്റിവ് കെയറിന്റെ ആദ്യകാല പ്രയോക്താക്കൾ "സമഗ്ര വേദന" എന്നൊരു പരികല്പന കൊണ്ടുവരികയുണ്ടായി. വേദന ഒരു വ്യക്തിയുടെ ശാരീരികവും മാനസികവും സാമൂഹ്യവും ആദ്ധ്യാത്മികവുമായ തലങ്ങളെ സമഗ്രമായി ബാധിക്കുന്നു എന്നാണ് വിവക്ഷ. ആത്മീയാംശം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് രോഗഗ്രസ്തമായ ജീവിതത്തിന്റെ അർത്ഥതലങ്ങളെക്കുറിച്ചുള്ള അന്വേഷമാണ്. ആത്മീയം (Spiritual) എന്നതിനുപകരം ഫ്രാങ്ക്ൾ ഉപയോഗിക്കുന്നത് അസ്തിത്വ സംബന്ധിയായ (existential) എന്ന പദമാണ്. ഇത് മതാത്മകതയിൽ നിന്നും അതീതമായ ഒരു അർത്ഥതലം ആത്മീയതയ്ക്ക് നല്കുന്നുണ്ട്.

എക്സിസ്റ്റെൻഷ്യൽ അനാലിസിസിൽ നിന്നാണ് ലോഗോതെറാപ്പി വികസിപ്പിച്ചത്. വർത്തമാന ജീവിതത്തിലും ഭാവി ജീവിതത്തിലും സാക്ഷാത്ക്കരിക്കപ്പെടേണ്ട ജീവിതസാരത്തിലാണ് അത് ശ്രദ്ധയൂന്നുന്നത്. ഒരു വ്യക്തിയുടെ കഴിഞ്ഞകാല ജീവിതത്തിലെയും ഇപ്പോഴത്തെ ജീവിതത്തിലെയും ചെയ്തികൾ, അതിലെ അനുഭവങ്ങൾ, അതിനോട് ആ വ്യക്തിയുടെ മനോഭാവം എന്നിവയെ ആ വ്യക്തിയുടെ നിലനില്പിന്റെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുകയാണ് എക്സിസ്റ്റെൻഷ്യൽ അനാലിസിസ്.

ഒരു വ്യക്തിയുടെ തനതായ കാഴ്ചപ്പാടിലും മാനദണ്ഡങ്ങളിലും നിന്നുകൊണ്ട് അയാളുടെ ജീവിത്തിന് അർത്ഥം കണ്ടെത്താനുള്ള സാധ്യതകൾ ആരായുന്നതിന് ആ വ്യക്തിയെ സഹായിക്കുക എന്നതാണ് ലോഗോതെറാപ്പി കൊണ്ടുദ്ദേശിക്കുന്നത്. "എന്തുകൊണ്ട് എനിക്കിത് വന്നു" ഏത് രോഗത്തിന്റെ പീഡാനുഭവങ്ങളിലും ഒരു വ്യക്തി ചോദിച്ച് പോകാം. എന്നാൽ ഈ രോഗാനുഭവങ്ങളുടെ അർത്ഥം കണ്ടെത്താനും ക്രിയാത്മകമായി പ്രതികരിക്കാനും എങ്ങനെ സാധിക്കുമെന്നതിലേയ്ക്ക് ഈ ചോദ്യത്തെ മാറ്റിതീർക്കുകയാണ് ലോഗോതെറാപ്പി ചെയ്യുന്നത്. ഒരു വ്യക്തിയ്ക്ക് – അയാൾ ഏതൊരു സാഹചര്യത്തിലുമായി കൊള്ളട്ടെ – തന്റെ ഭാവിഭാഗധേയത്തെ തെരഞ്ഞെടുക്കുവാനുമുള്ള സ്വാതന്ത്ര്യമുണ്ട്. എത്ര വിപരീത സാഹചര്യത്തിലാണ് ജീവിക്കുന്നതെങ്കിൽ പോലും എല്ലാ സ്വാതന്ത്ര്യവും നഷ്ടപ്പെട്ട സന്ദർഭത്തിൽ പോലും ഒരു സ്വാതന്ത്ര്യം ബാക്കിയുണ്ട്. ഈ അവസ്ഥയോട് എന്ത് മനോഭാവം കൈക്കൊള്ളണം, എങ്ങിനെ പ്രതികരിക്കണം എന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യമാണത്. നാസി കോൺസൻട്രേഷൻ ക്യാമ്പിലെ സ്വാനുഭവത്തിൽ നിന്നും ഫ്രാങ്ക്ൾ കണ്ടെത്തിയ സത്യമാണത്. ലോഗോതെറാപ്പിയുടെ അടിസ്ഥാന തത്വങ്ങൾ ഇവയാണ്:

**ഇച്ഛയുടെ സ്വാതന്ത്ര്യം:** സ്വന്തം ജീവിതത്തെ ക്രിയാത്മകമായി രൂപപ്പെടുത്താൻ കഴിവുള്ളവരാണ് നാം. സാഹചര്യങ്ങളോട് യാന്ത്രികമായി പ്രതികരിക്കുക എന്നതിലപ്പുറം തന്റെ സ്വന്തമായ ഒരു മനോഭാവത്തിനനുസരിച്ച് സാഹചര്യങ്ങളെ രൂപപ്പെടുത്താൻ നമ്മുക്കാവും. ഏറെ മൂർച്ഛിച്ച രോഗാവസ്ഥയിൽ കാര്യങ്ങളെല്ലാം നമ്മുടെ വരുതിയിൽ നിന്ന് വിട്ടുപോകുമ്പോഴും ആ രോഗാവസ്ഥയോട് എങ്ങിനെ പ്രതികരിക്കണമെന്നത് നമ്മുടെ മാത്രം തെരഞ്ഞെടുപ്പാണ്. നമുക്കൊരു രോഗം ഉണ്ടാകാം; എന്നാൽ നാം തന്നെ രോഗമല്ലല്ലോ.

**സാരത്തിനായുള്ള ഇച്ഛ:** ജീവിതത്തിന്റെ അർത്ഥം തേടിയുള്ള അന്വേഷണം മനുഷ്യന്റെ പ്രാഥമികമായ ഒരു ചോദനയാണ്. സ്വാതന്ത്ര്യമെന്നത് കാര്യങ്ങൾ ചെയ്യാനുള്ള സ്വാതന്ത്ര്യമെന്നപ്പോലെ തന്നെ ജീവിതത്തിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം കൂടിയാണ്. അർത്ഥത്തിനായുള്ള ഇച്ഛ സാക്ഷാത്ക്കരിക്കാനാകാത്തപ്പോൾ ഫ്രാങ്ക്ൾ പറയുന്ന എക്സിസ്റ്റെൻഷ്യൽ ഇച്ഛാഭംഗം, നിരർത്ഥകത എന്നിവ അനുഭവപ്പെടുന്നു.

**ജീവിത്തിന്റെ സാരം:** മൂന്ന് വിധത്തിൽ ജീവിതം സാരവത്താക്കാനാകും. 1. സൃഷ്ടിപരത – സർഗ്ഗാത്മകത

യിലൂടെ ലോകത്തിന് എന്തെങ്കിലും സംഭാവന ചെയ്യുക. നമ്മുടെ കഴിവുകൾ പലവിധത്തിൽ ഈ കാര്യത്തിന് ഉപയോഗിക്കുക. 2. അനുഭവിക്കുന്നതിലൂടെ – ലോകത്തിൽ നിന്ന് സ്വീകരിക്കലാണിത്. പ്രകൃതിയിൽ നിന്ന്, സംസ്കാരത്തിൽ നിന്ന്, മാനുഷിക ബന്ധങ്ങളിൽ നിന്ന്; മറ്റുള്ളവരുമായും ചുറ്റുപാടുകളുമായുമുള്ള ഇടപെടൽ വഴി. 3. സന്ദർഭങ്ങളോടും അനുഭവങ്ങളോടും നമ്മുടെ മനോഭാവം എന്തായിരിക്കണമെന്ന് തീരുമാനിക്കുന്നതിലൂടെ.

ഈ പശ്ചാത്തലത്തിൽ പാലിയേറ്റീവ് കെയറിൽ സമഗ്രമായ വേദന എന്ന ആശയത്തെ എങ്ങനെ മനസ്സിലാക്കുന്നു, എങ്ങനെ കൈകാര്യം ചെയ്യുന്നു എന്ന് ആലോചിക്കാവുതാണ്. പ്രത്യേകിച്ച്, രോഗഗ്രസ്തനായ ഒരുവനെ അയാളുടെ രോഗപീഡയോട് എടുക്കേണ്ട സമീപനം തെരെഞ്ഞെടുക്കുന്ന കാര്യത്തിൽ എങ്ങിനെ സഹായിക്കാനാകുമെന്നും.

രോഗികൾക്ക് ലോഗോതെറാപ്പി നടത്തിയ ചില അനുഭവങ്ങൾ ഫ്രാങ്ക്ൾ ഉദാഹരിക്കുന്നുണ്ട്. രണ്ട് വർഷം മുമ്പ് ഭാര്യ മരിച്ച് പോയ ഒരു ഡോക്ടറുടെ അനുഭവം വളരെ പ്രസിദ്ധമായ ഒരുദാഹരണമാണ്. താൻ അത്രയധികം സ്നേഹിച്ച തന്റെ ഭാര്യയുടെ വിയോഗം ഡോക്ടറെ അഗാധമായ ദു:ഖത്തിലാഴ്ത്തി. ഫ്രാങ്ക്ൾ അദ്ദേഹത്തോട് ചോദിച്ചു. “നിങ്ങൾ ആദ്യം മരിക്കുകയും നിങ്ങളുടെ ഭാര്യ നിങ്ങളെ അതിജീവിക്കുകയും ചെയ്തിരുന്നെങ്കിലുള്ള അവസ്ഥ എങ്ങിനെയിരിക്കുമെന്നു പറയാമോ”. അദ്ദേഹം പറഞ്ഞു: “അത് ഭീകരമായിരിക്കും. അവർ എന്ത് മാത്രം കഷ്ടപ്പെടുമായിരുന്നു!” ഫ്രാങ്ക്ൾ പറഞ്ഞു: “ആ ദുരന്തം നിങ്ങളുടെ ഭാര്യയ്ക്ക് ഉണ്ടാകാതെ കഴിഞ്ഞു. നിങ്ങളാണ് ഭാര്യയ്ക്ക് ആ ദുര്യോഗം ഉണ്ടാക്കാതിരുന്നത്. പക്ഷേ, തീർച്ചയായും നിങ്ങൾ അതിജീവിക്കുകയും ദു:ഖിക്കുകയും ചെയ്യുക വഴി ആ കടം വീട്ടുന്നു’’. ഡോക്ടർക്ക് തന്റെ ദു:ഖത്തിന് ഒരു പൊരുൾ ഉണ്ടെന്ന് മനസ്സിലായി. ഫ്രാങ്ക്ൾ വിശദീകരിക്കുന്നു. മനുഷ്യൻ ജീവിതത്തിൽ നിന്ന് എന്ത് പ്രതീക്ഷിക്കുന്നു എന്നല്ല ചോദിക്കേണ്ടത്. ജീവിതം അവനിൽ നിന്ന് എന്താണ് പ്രതീക്ഷിയ്ക്കുന്നത് എന്നാണ്.

വിക്ടർ ഫ്രാങ്ക്ളിനെക്കുറിച്ചും ലോഗോതെറാപ്പിയെക്കുറിച്ചും കൂടുതൽ അറിയാൻ താഴെ കാണു വെബ് സൈറ്റുകൾ സന്ദർശിക്കാവുതാണ്.

http://www.viktorfrankl.org/index.html
http://www.logotherapyireland.com/#!
http://www.voidspace.org.uk/psychology/logotherapy.shtml

◆



# HIDDEN LIFE, HIDDEN PAIN

**Raseena** (X-D), **Ankita** (VIII A)
Bharathiya Vidhya Bhavan, Poochatty

I'm here, staring at the window
My heart, yearning for a life
As magical as the oceans could be
Something not all are able to see

Excited children, out there dancing
Reminds me of those days, back then
When I would spread a smile, a mile
But now, life's like barren land

I find peace within my self
By the words I express out, now
Like an overflowing stream of emotions
Here, pouring my heart out

One day, will walk through the light
And all darkness will disappear
I'll watch the sunrise and rejoice
Even after the sunset dries it out.

# മാലതിയമ്മയും റോസിയും

▸ പുഷ്പലത കെ.വി.

**പെയിൻ** ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്ത രോഗിണിയാണ് റോസി. വയസ്സ് 76; അവിവാഹിത; സ്വന്തമെന്നുപറയാൻ ആരുമില്ല. ഞങ്ങൾ ഗൃഹപരിചരണത്തിന് ചെന്നതാണ്. വാതിൽ തുറന്നുതന്നത് റോസിയേക്കാൾ പ്രായമുള്ള സ്ത്രീ. പേര് മാലതിയമ്മ; കഴുത്തിൽ രുദ്രാക്ഷമാലയും ഗുരുവായൂരപ്പന്റെ ലോക്കറ്റും. റോസിയുടെ കഴുത്തിൽ മാലയും കുരിശും. മാലതിയമ്മയുടെ ഭൃത്യയാണ് റോസി. ഏതാനും ദിവസമായി കിടപ്പിലായിട്ട്. വൃത്തിയുള്ള ചെറിയ മുറിയിൽ പായയിലാണ് റോസി കിടക്കുന്നത്. ശയ്യാവ്രണമുണ്ട്. മാലതിയമ്മയുടെ വീട്ടിൽ പുറംപണിയ്ക്ക് വരുന്ന ഒരു സ്ത്രീ റോസിയെ ദിവസേന വൃത്തിയാക്കും; കുളിപ്പിയ്ക്കും. മാലതിയമ്മ അതിന് പ്രത്യേകം പണം നല്കുന്നുണ്ട്.

റോസിയ്ക്ക് കന്യാസ്ത്രീ മഠത്തിന് സമീപം അഞ്ചുസെന്റ് സ്ഥലവും ഒരു കൂരയുമുണ്ട്. റോസിയുടെ മരണശേഷം ആ സ്വത്തിന്റെ അവകാശം മഠത്തിനാണെന്ന് എഴുതിവെച്ചിട്ടുണ്ട്. മാലതിയമ്മയുടെ വീട്ടിൽ ചെറുപ്രായത്തിൽ തന്നെ ജോലിയ്ക്കു നിന്നയാളാണ് റോസി. കിടപ്പിലായ റോസിയെ കൈവിടാൻ മാലതിയമ്മ തയ്യാറല്ല. റോസിയെ കൈവിട്ടാൽ ദൈവശാപമുണ്ടാകുമെന്നാണ് മാലതിയമ്മ പറയുന്നത്. മാലതിയമ്മയുടെ ഭർത്താവ് കൃഷ്ണൻനായർ മരിച്ചിട്ട് നാലുവർഷമായി. പിന്നീട് മാലതിയമ്മയ്ക്ക് രാത്രിയും പകലും റോസി കൂട്ടുകാരി കൂടിയായി.

റോസിയ്ക്ക് വേദന അധികമായാൽ മാലതിയമ്മയോട് കയർക്കും; വഴക്കുപറയും. അവൾക്ക് വേദനിച്ചിട്ടല്ലേ? അവൾ ചീത്ത പറഞ്ഞോട്ടെ - എന്നാണ് മാലതിയമ്മയ്ക്ക് പറയാനുള്ളത്. ഞാൻ സുഖമില്ലാതെ കിടന്നപ്പോൾ അവളോട് കയർത്തിട്ടില്ലേ? എന്നെ ചീത്ത വിളിക്കാൻ അവൾക്കും അവകാശമുണ്ട്.

മാലതിയമ്മയുടെ മകൻ ഗൾഫുകാരൻ. തൊട്ടടുത്ത് വലിയ വീട് വെച്ചിരിയ്ക്കുന്നു. റോസിയെ അവരുടെ സ്വന്തം വീട്ടിലാക്കി അമ്മയ്ക്ക് തന്റെ കൂടെ വന്നുതാമസിക്കരുതോ? റോസിയെ മഠത്തിലെ കന്യാസ്ത്രീകള് നോക്കിക്കോളും. അമ്മ എന്തിനാണ് അവരെ ശുശ്രൂഷിയ്ക്കുന്നത്? മകന്റെ വാദം അമ്മ തള്ളിക്കളഞ്ഞു.

ഞങ്ങൾ റോസിയുടെ ശയ്യാവ്രണം വൃത്തിയാക്കുമ്പോൾ മഠത്തിലെ ഒരു കന്യാസ്ത്രീ വന്നു. റോസിയെ പരിചരിയ്ക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഞങ്ങളോട് ചോദിച്ച് മനസ്സിലാക്കി. ശരീരം നനച്ചുതുടയ്ക്കാൻ കന്യാസ്ത്രീയും വൃദ്ധയായ മാലതിയമ്മയും സഹായിച്ചു. ഞങ്ങൾ വാട്ടർബെഡ് ശരിയാക്കി. റോസിയെ എടുത്തു കിടത്തി. പാലിയേറ്റീവ് കെയറിൽ രജിസ്റ്റർ ചെയ്യാൻ വൈകിയത് തെറ്റായിപ്പോയി എന്ന് മാലതിയമ്മ കുറ്റസമ്മതം നടത്തി. ഇനി മുതൽ മഠത്തിലെ കന്യാസ്ത്രീകൾ റോസിയെ പരിചരിയ്ക്കാൻ ദിവസേന വരുമെന്ന് ഞങ്ങൾക്കും മാലതിയമ്മയ്ക്കും ഉറപ്പുതന്നു. റോസിയുടെ മുഖം പ്രസന്നമായി.

രണ്ട് ആഴ്ച കഴിഞ്ഞ് റോസിയെ കാണാൻ ഞങ്ങൾ വീണ്ടും ചെന്നു. റോസിയുടെ ശയ്യാവ്രണങ്ങൾ ഉണങ്ങിയിരിക്കുന്നു. റോസിയുടെ പുഞ്ചിരി ആകർഷകമായിരുന്നു. ഞങ്ങൾ സന്തോഷം പ്രകടിപ്പിച്ചു; റോസിയുടെ കൈപിടിച്ചു. മാലതിയമ്മ എന്നെ കെട്ടിപ്പിടിച്ചു. കന്യാസ്ത്രീകൾക്കും പാലിയേറ്റീവ് കെയറിലെ ഗൃഹപരിചരണ സംഘത്തിനും നന്ദി പറഞ്ഞു.

നാലുനാൾ കഴിഞ്ഞു. ഞാൻ ഫാർമസിയിൽ ജോലി ചെയ്യുമ്പോഴാണ് ഫോൺ വന്നത്. മാലതിയമ്മയുടെ വിറയാർന്ന ശബ്ദം. കുട്ട്യേ..... റോസി പോയി. മാലതിയമ്മ കരയുന്നു...! മതമില്ലാത്ത ജീവൻ കേരളത്തിൽ സൃഷ്ടിച്ച കോലാഹലം ഞാൻ ഓർത്തുപോയി. ഇത് മതമില്ലാത്ത മരണമാണ്.... അഥവാ മതാതീതമായ മരണമാണ്.....

■

# രോഗത്തിനും മാഫിയക്കും നടുവിൽ

▶ സുശീല മാധവൻ

**'നമ്മുടെ** സൗമ്യ ജില്ലാസ്പത്രിയിൽ അഡ്മിറ്റ് ആയിട്ടുണ്ട്.' ക്ലിനിക്കിലേക്ക് കടന്നുചെന്ന എന്നെ ഗോകുൽദാസ് സർ അറിയിച്ചു. 'അവരെ സാമൂഹ്യ വിരുദ്ധർ തല്ലിച്ചതച്ചു. കൈ ഒടിഞ്ഞിട്ടുണ്ടന്നാണ് അറിഞ്ഞത്.' അദ്ദേഹം വിശദീകരിക്കാൻ തുടങ്ങി. എന്നെ അലട്ടിയിരുന്ന ഒരശുഭചിന്ത ഇതാ യാഥാർത്ഥ്യമായിരിക്കുന്നു!

സൗമ്യ ക്യാൻസർരോഗിയായ ഒരു മദ്ധ്യവയസ്കയാണ്. ഒരാഴ്ചമുമ്പാണ് അവർ തന്റെ രോഗാവസ്ഥയെക്കുറിച്ചും, അതിനേക്കാൾ ഭീകരമായി, താൻ നേരിട്ടുകൊണ്ടിരിക്കുന്ന ഗുണ്ടാ അതിക്രമങ്ങളേപ്പറ്റിയും ഞങ്ങളോട് തുറന്ന് പറഞ്ഞത്. മദ്ധ്യവയസ്സ് പിന്നിട്ട മൂന്ന് അവിവാഹിതകളായ സഹോദരിമാരും, പ്രായം ചെന്ന ശയ്യാവലംബിയായ അച്ഛനും ചേർന്നതാണ് ആ കുടുംബം. ഒരു ഇടത്തരം വീട്, ചുറ്റും ചെറിയ ഒരു പുരയിടം. അവിടെ പശുക്കളെ വളർത്തിയും ചെറിയ തോതിൽ പച്ചക്കറി കൃഷി ചെയ്തും കഴിഞ്ഞുകൂടുന്ന ഒരു യാഥാസ്ഥിത കുടുംബം. വളരെ നേരത്തേ അമ്മ മരിച്ചുപോയ ഈ പെൺകുട്ടികൾ വാസ്തവത്തിൽ ആ അച്ഛന്റെ അതിർകടന്ന കാർക്കശ്യം മുറ്റിയ യാഥാസ്ഥിതയിൽ പുറംലോകം കാണാതെയാണ് വളർന്നത്. സൗമ്യയായിരുന്നു ഇവരിൽ അൽപ്പമെങ്കിലും തന്റേടം കാണിച്ചിരുന്നത്. തന്റെ അസുഖത്തിലും തുടർന്നുള്ള ചികിത്സയിലും പതറാത്ത അവർ പക്ഷേ വല്ലാത്ത ഒരു ദുർവിധിയോടാണ് പടപൊരുതിയിരുന്നത്.

അവർ താമസിക്കുന്നത് തൃശ്ശൂരിന്റെ പ്രാന്തപ്രദേശത്തിൽ ഗ്രാമാന്തരീക്ഷം നിലനിന്നിരുന്ന പുറ്റുപാടിലാണ്. പക്ഷേ അവരുടെ സമാധാനം കെടുത്തിക്കൊണ്ട് പ്രദേശത്ത് ചാരായ വാറ്റുകാർ വിലസുകയാണത്രേ. വിജനതയെ മുതലാക്കിക്കൊണ്ട് ഏതാനും ഗുണ്ടകൾ ഇവരുടെ അതിർത്തി കയ്യടക്കി ചാരായവാറ്റിന്റെ താവളമാക്കിയിരിക്കയാണ്. ഇവരുടെ പുരയിടത്തിലൂടെയാണ് അവർ വഴി നടക്കുന്നത്. അതിനെ എതിർക്കുമ്പോഴെല്ലാം ഒട്ടും കൂസലില്ലാതെ അസഭ്യം വർഷിച്ചും ഭീഷണികൾ മുഴക്കിയും അവർ നടക്കും. പലവട്ടം കെട്ടിയ വേലി അവർ പൊളിച്ചുകൊണ്ടിരുന്നു. പലരാത്രികളിലും ഭീകരാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് അവർ മുറ്റത്ത് നടക്കുമ്പോൾ വീടിനുള്ളിൽ വാതിലുകളും ജനലുകളും കൊട്ടിയടച്ച് ഭയചകിതരായി ആ സഹോദരിമാർ ഉറക്കമില്ലാതെ കിടക്കും. ഒടുവിൽ ഒരുനായയെ വളർത്താൻ അവർ തീരുമാനിച്ചു. എന്നാൽ ഗുണ്ടകൾ ആ നായയെ വിഷം കൊടുത്ത് കൊല്ലുകയായിരുന്നു.

രോഗിയായി കിടക്കുന്ന അച്ഛന്റെ മുറിയുടെ ജനാലയിൽ രാത്രികളിൽ ഭയപ്പെടുത്താൻ വേണ്ടി വടികൊണ്ട് അടിച്ച് അവർ ശബ്ദം ഉണ്ടാക്കും. ഒരു രാത്രി മലമൂത്രവിസർജ്ജനത്തിൽ കിടക്കുന്ന അച്ഛനെ തുടച്ച് വൃത്തിയാക്കുകയായിരുന്നു സഹോദരിമാർ. അപ്പോൾ ദുർഗ്ഗന്ധം സഹിക്കവയ്യാതെ കട്ടിലിനടുത്തുള്ള ജനാല തുറന്നിട്ടതായിരുന്നു. ആ സമയം അതിൽകൂടി ആരോ ഒരു നീണ്ട വടികൊണ്ട് കുത്തി അച്ഛനെ കട്ടിലിൽ നിന്ന് ഉന്തിതള്ളി താഴെ വീഴ്ത്തി. കതക് തുറന്നു നോക്കാൻ പോലും ധൈര്യമില്ലാതെ മക്കൾ വാവിട്ട് കരയുക മാത്രം ചെയ്തു!

അയൽപക്കക്കാരും നിരന്തരം ഭീഷണിയിലായിരുന്നതിനാൽ ഒന്നിലും ഇടപെടാതെ മിണ്ടാതെ മൂകസാക്ഷികളായി ജീവിച്ചു. ചിലർ സഹികെട്ട് വീട് വിറ്റ് മറ്റിടങ്ങളിലേക്ക് താമസം മാറ്റി. ചാരായമാഫിയക്ക് അതു തന്നെയായിരുന്നു ആവ

ശ്യം. പലപ്പോഴും പല ഭൂമി ഇടപാടുകാരും സൗമ്യയുടെ വീട്ടിലും എത്തി 'ചുളുവില' യിൽ ഭൂമി കച്ചവടമാക്കാനുള്ള സംസാരമുണ്ടായി. എന്നാൽ തങ്ങൾ ജനിച്ചുവളർന്ന വീടും പരിസരവും വിടാൻ സഹോദരിമാർക്ക് സമ്മതമായിരുന്നില്ല. മാത്രമല്ല, അവർ പറയുന്ന വില വളരെ തുച്ഛവുമായിരുന്നു. ഇതെല്ലാം ഞങ്ങളോട് പറഞ്ഞ് സൗമ്യ കരഞ്ഞു. മരണാസന്നനായികിടക്കുന്ന അച്ഛനും രോഗത്തിന്റെ ദുരിതമനുഭവിക്കുന്ന തനിക്കും ഒരു സമാധാനം കിട്ടാൻ എന്തു ചെയ്യണം എന്ന് ചോദിച്ച് അവർ കരയുകയായിരുന്നു. ഉടനെത്തന്നെ ഗോകുൽദാസ് സർ ഇവരെ ജനനീതിയുമായി ബന്ധിപ്പിക്കുകയും അവരെ ചെന്ന് കാണാൻ ഉപദേശിക്കുകയും ചെയ്തു. സൗമ്യ എവിടെപ്പോകാനും തയ്യാറായിരുന്നു. കൂടുതൽ നിയമസഹായം കിട്ടുന്നതിനുവേണ്ട കാര്യങ്ങൾ അന്വേഷിച്ച് വേണ്ടത് ചെയ്യാം എന്ന ഞങ്ങളുടെ ഉറപ്പിൽ അവർ ഒരുവിധം ആശ്വസിച്ച് തിരിച്ചുപോയി.

അതിനിടയിലാണ് പശുവിനെ തീറ്റാൻ പോകുമ്പോൾ സൗമ്യയെ ഗുണ്ടകൾ ആക്രമിച്ചത്. സൗമ്യയെ തട്ടിയിട്ട് അടിക്കയും ഇടിക്കുകയും ചെയ്ത് അവരുടെ കഴുത്തിൽ കിടന്നിരുന്ന മാലയും പറിച്ചെടുത്ത് അവർ പോയി. സൗമ്യ ഉറക്കെ നിലവിളിച്ചെങ്കിലും ആരും സഹായിക്കാൻ വന്നില്ല.

ഗോകുൽദാസ് സാറും ഞാനും കൂടി ജില്ലാ ആസ്പത്രിയിൽ സൗമ്യയെ പോയി കണ്ടു. വാർഡിൽ തനിയേ കിടന്നിരുന്ന അവർ ഞങ്ങളെ കണ്ടപ്പോൾ ഉത്സാഹവതിയായി. നടന്ന സംഭവങ്ങൾ വിവരിക്കുകയും തനിക്കേറ്റ പരിക്കുകൾ എന്നെ കാണിക്കുകയും ചെയ്തു. തനിക്കേറ്റ ദേഹോപദ്രവത്തേക്കാളും തന്റെ കുടുംബത്തിന് നേരിടേണ്ടി വരുന്ന നീതികേടിനെപ്പറ്റിയാണ് അവർ വാചാലയായത്. ജില്ലാ അസ്പത്രിയിലെ കൗൺസലിങ്ങ് വിഭാഗവുമായി ഞങ്ങൾ ബന്ധപ്പെട്ടു. സൗമ്യയെ അവരെ ഏൽപ്പിച്ച് ഞങ്ങൾ മടങ്ങി.

സൗമ്യയെ ഡിസ്ചാർജ് ചെയ്തശേഷം ഒരു ഹോംകേയർ വിസിറ്റിന്റെ ഭാഗമായി ഗോകുൽദാസ് സർ അവരെ സന്ദർശിച്ചു. അയൽപക്കത്തുള്ളവരോടും സംസാരിച്ചു. അവരോട് ശക്തമായി പ്രതികരിക്കേണ്ടതിന്റെ ആവശ്യകതയെപറ്റിയെല്ലാം സർ സംസാരിച്ചു. എന്നാൽ എല്ലാവർക്കും ഭയമായിരുന്നു. എതിർക്കാനും കേസിന് നടക്കാനുമുള്ള ശേഷിയൊന്നും തങ്ങൾക്കില്ലെന്ന മട്ടിൽ അവർ നിശ്ശബ്ദരായി.

ജനനീതിയിയുടെ സഹായത്തോടെ പോലീസിന്റെ ഇടപെടൽ നടത്തിനോക്കി. ചാരായ വിൽപ്പന നിർബാധം തുടർന്നെങ്കിലും ആക്രമണങ്ങൾക്ക് കുറച്ച് ശമനമുണ്ടായി.

സൗമ്യയുടെ ആരോഗ്യനില മോശമായിത്തുടങ്ങി. മരുന്ന് വാങ്ങാനും മറ്റും സൗമ്യയുടെ ചേച്ചിമാരാണ് ക്ലിനിക്കിൽ വന്നുകൊണ്ടിരുന്നത്. അവരോട് ഞങ്ങൾ വിവരങ്ങൾ തിരക്കാറുണ്ടായിരുന്നു. ഇതിനിടക്ക് വൃദ്ധനായ അച്ഛൻ മരിച്ചു. വലിയ ആക്രമണങ്ങൾ ഒന്നും ഇല്ലെങ്കിലും അരക്ഷിതാവസ്ഥ തന്നെയാണ് അവർക്ക് തോന്നിയിരുന്നത്. അവർ പശുക്കളെ വിറ്റു. ഒരു നായയെകൂടി വാങ്ങി, വീട്ടിന്നുള്ളിൽ തന്നെ വളർത്താൻ തുടങ്ങി. സൗമ്യയുടെ ഏറിക്കൊണ്ടിരുന്ന അവശത ആ സഹോദരിമാരെ വീട്ടിനുള്ളിൽ തന്നെ ഒതുങ്ങി കഴിഞ്ഞുകൂടാൻ നിർബന്ധിതരാക്കി. സൗമ്യ എത്ര ധൈര്യശാലി ആയിരുന്നെങ്കിലും യാതൊരു പിൻബലവുമില്ലാതെയുള്ള, എല്ലാവിധ പ്രത്യാശകളും അപ്രസക്തമായ അവരുടെ ചെറുത്ത് നിൽപ്പിനും പരിധിയുണ്ടല്ലോ.

ഈ അടുത്ത ദിവസം സൗമ്യ എല്ലാ പ്രൈരക്കേടിൽ നിന്നും മുക്തയായി. മരണവിവരം അറിഞ്ഞ് വ്യസനത്തോടെ മൂകരായി ഞങ്ങൾ നിൽക്കുമ്പോൾ കഴിഞ്ഞ രണ്ടു വർഷത്തെ സംഭവങ്ങൾ ഓരോന്നായി എന്റെ മനസ്സിലൂടെ കടന്നുപോയി. സ്വന്തം വീട്ടിൽ സമാധാനമില്ലാതെ ജീവിച്ചു മരിച്ചു പോകേണ്ടിവന്ന അവരുടെ ദുർവിധിയോർത്ത് ഞങ്ങൾ നെടുവീർപ്പിട്ടു.

❖



# ഒരു താലിക്കഥ

▸ ഡാളി തോമസ്

**എല്ലാ** ദിവസവും പത്രമെടുത്താൽ റോസമ്മ ആദ്യം നോക്കുക ചരമകോളമാണ്. ആദ്യം വായിക്കുക മരിച്ചുപോയവരെക്കുറിച്ചുള്ള വാർത്തകളാണ്. ഓരോരുത്തരുടേയും പേരുകളുംപടങ്ങളും സൂക്ഷ്മനിരീക്ഷണം നടത്തുന്നത് റോസമ്മയുടെ ഒരു പതിവാണ്. അതിനുശേഷം നിരാശയോടെ ആത്മഗതം ചെയ്യും. എന്നാണാവോ ഇനി എന്റെ പടം ഇതുപോലെ പത്രത്തിൽ അടിച്ചു വരിക.

ഓരോ ദിവസം കഴിയുന്തോറും റോസമ്മയ്ക്ക് നിരാശ കൂടി കൂടി വന്നു. എത്ര പ്രാവശ്യം ദൈവത്തോട് പ്രാർത്ഥിച്ചു ഭർത്താവിനേക്കാളും മുമ്പേ തന്നെ വിളിക്കണമെന്ന്. ഒരു ദിവസം റോസമ്മ തന്റെ താലി പിടിച്ച് ഈ പ്രാർത്ഥന ആവർത്തിച്ചു. അവസാനം ദൈവത്തിന് സഹികെട്ടു. ഇനി ഇവളെ ഒരു പാഠം പഠിപ്പിച്ചിട്ടു തന്നെ കാര്യം എന്ന് ദൈവം തീരുമാനിച്ചു. ഞാൻ ഇവൾക്ക് ഈ ലോകത്തിൽ എത്ര ശ്രേഷ്ഠമായ ജീവിതമാണ് നല്കിയത്. അവളുടെ ഭർത്താവിനു വേണ്ട ആയുരാരോഗ്യം നല്കി. സൽസ്വഭാവവും സ്നേഹവുമുള്ള മക്കളെ നല്കി. വാർദ്ധക്യ കാലത്തെ ജീവിതം സന്തോഷപ്രദമാക്കാൻ കൊച്ചു മക്കളേയും നല്കി. എന്നിട്ടും മരിയ്ക്കാൻ ഇവൾ ആഗ്രഹിക്കുകയല്ലേ. ഇതൊന്നും ലഭിയ്ക്കാത്തവരും, രോഗത്താലും വേദനയാലും കഷ്ടപ്പെടുന്നവർ പോലും മരണം ആഗ്രഹിക്കുന്നില്ല. അതിനാൽ ഇവൾക്കുമാത്രമായി ഒരു ഷോക്ക് ട്രീറ്റ്മെന്റ് കൊടുക്കാൻ ദൈവം തീരുമാനിച്ചു.

റോസമ്മ ഒരു പൊതുപ്രവർത്തകയാണ്. അന്നും അവൾ പതിവുപോലെ വീട്ടിൽ നിന്നിറങ്ങി ഓട്ടോറിക്ഷയിൽ കയറി ഓഫീസിലെത്തി. അവളുടെ കൂട്ടുകാരി സുനന്ദയുടെ മകൻ യുറോപ്പ് ടൂർ കഴിഞ്ഞ് തിരിച്ചെത്തിയിട്ടേ ഉണ്ടായിരുന്നുള്ളൂ. റോം സന്ദർശിച്ചപ്പോൾ അവിടെ നിന്നും ചില സാധനങ്ങൾ വാങ്ങികൊണ്ടുവന്നിട്ടുണ്ടായിരുന്നു. കൂട്ടുകാരി അവൾക്ക് മാലയിൽ ഇട്ടോളൂ എന്നു പറഞ്ഞ് ഒരു ലോക്കറ്റ് സമ്മാനിച്ചു. ഇത്തരം ലോക്കറ്റ് ഞാൻ മാലയിൽ ഇടാറില്ലെന്നും പറഞ്ഞ് അവൾ അത് സ്നേഹപൂർവ്വം നിരസിച്ചു.

നീ പിന്നെ മാലയിൽ എന്താണ് ഇട്ടിരിക്കുന്നത്. ഒന്ന് കാണിച്ചുതരുമോ? കൂട്ടുകാരി ആവശ്യപ്പെട്ടു. ഞങ്ങൾ താലിയോടൊപ്പം കുരിശുമാത്രമേ ധരിക്കാറുള്ളൂ. ഇതാ എന്റെ മാല കാണിച്ചുതരാം എന്ന് പറഞ്ഞ് റോസമ്മ സാരിയ്ക്കുള്ളിൽ നിന്നും മാല പുറത്തെടുത്തു.

ദൈവമേ എന്റെ താലിയെവിടെ? മാലയിൽ കുരിശുമാത്രമേ കാണുന്നുള്ളല്ലോ. റോസമ്മ നിലവിളിയോടെ പറഞ്ഞു.

ഓഫീസ് അടിച്ചു വൃത്തിയാക്കുന്ന മോഹിനി ഉടനെ അടുത്തുവന്നു ചോദിച്ചു.

എന്താണ് ചേച്ചി നോക്കുന്നത്? ചേച്ചി വരുമ്പോൾ ഞാൻ മുറി അടിയ്ക്കുകയായിരുന്നു. എങ്കിലും മുറി അടിച്ചപ്പോൾ ഒന്നും ഞാൻ താലി കണ്ടില്ല.

റോസമ്മയ്ക്ക് ചുറ്റും ആളുകൾ കൂടിക്കൂടി വന്നു. ചിലർ പറഞ്ഞു ഓട്ടോയിൽ വച്ചായിരിക്കും പൊട്ടിയിട്ടുണ്ടാകുകയെന്ന്. ചിലർ ആശ്വസിപ്പിച്ചു.

ചിലർ പറഞ്ഞു വീട്ടിലെ കിടക്കയിൽ കാണുമെന്ന്. വീട് മൊത്തം ഒന്നടിച്ചു നോക്കാൻ ചിലർ അഭിപ്രായപ്പെട്ടു. താലി ചെറുതാണല്ലോ. പെട്ടെന്ന് കാണാൻ വിഷമമായിരിക്കുമെന്ന്. ഇനി എന്താ ചെയ്ക എന്ന് വിചാരിച്ച് തരിച്ചിരിക്കയാണ് റോസമ്മ. കാര്യം ഒരു ഗ്രാം സ്വർണ്ണമാണ്. പക്ഷേ അതിന്റെ മൂല്യം വിലമതിയ്ക്കാൻ പറ്റാത്തതാണല്ലോ. അവൾ വീട്ടിലേയ്ക്ക് വിളിച്ച് വിവരം പറഞ്ഞു. കുറെക്കഴിഞ്ഞപ്പോൾ വീട്ടിൽ നിന്നുള്ള വിളി വന്നു താലി കിട്ടിയില്ലെന്നും പറഞ്ഞ്.

താലിക്കഥ ഓഫീസുമുഴുവൻ പാട്ടായി. ദിവസങ്ങൾ പിന്നെയും പൊയ്ക്കൊണ്ടിരുന്നു. റോസമ്മയുടെ പ്രാർത്ഥനയ്ക്ക് ഒരു ഫലവും ലഭിച്ചില്ല. താലി കളഞ്ഞു പോയിട്ട് ഇന്നേക്ക് എട്ട് ദിവസമായി. ഇനി കാത്തിരുന്നിട്ട് കാര്യമില്ല എന്ന് മന

സ്സിലാക്കിയ അവൾ തങ്ങളുടെ വിവാഹ വാർഷികത്തിന് മുമ്പ് മറ്റൊരു താലി വാങ്ങി. ഇന്നിനി രാത്രിയായി. നാളെ പുതിയ താലി മാലയിലിടാം എന്നു കരുതി. അപ്പോഴാണ് കുഞ്ഞുമക്കളുടെ തല്ലുകൂടലും ബഹളവും. ഒരുത്തന്റെ കയ്യിലെ കടലാസു വിമാനം മറ്റവൻ തട്ടിതെറിപ്പിക്കുകയാണ്. അത് ചെന്ന് വീണത് ടിവി ഇരിയ്ക്കുന്ന മുറിയിലെ ചാരുകസേരയുടെ മേലേയ്ക്ക്. മറ്റവൻ ശക്തിയിൽ അത് പിടിച്ചുവലിച്ചു. കടലാസ് വിമാനത്തോടൊപ്പം അതാ താലിയും നിലത്തു വീണു കിടക്കുന്നു.

നോക്കിയേ! ദേ! അമ്മാമ്മയുടെ താലി! അമ്മാമ്മ ടിവി കാണാൻ ഒരു ദിവസം ചാരു കസേരയിൽ കിടന്നില്ലെ! അപ്പോൾ പോയതായിരിക്കും. കൊച്ചുമകൻ അഭിപ്രായപ്പെട്ടു.

എട്ട് ദിവസം എനിയ്ക്ക് എട്ട് വർഷം പോലെയായിരുന്നു. റോസമ്മയ്ക്ക് തന്റെ കണ്ണുകളെ വിശ്വസിയ്ക്കാനായില്ല. എങ്ങിനെയാണ് ദൈവമേ ഞാനിതിനു നന്ദിപറയുക എന്ന് ചിന്തിച്ചപ്പോൾ റോസമ്മയുടെ മനസ്സിൽ ദൈവത്തിന്റെ ശബ്ദം മുഴങ്ങി.

നീ എത്ര ദിവസം ആ താലി പിടിച്ച് പ്രാർത്ഥിച്ച് എന്നെ ശല്ല്യപ്പെടുത്തി. അപ്പോൾ ആ താലി കൊണ്ട് തന്നെ നിനക്കൊരു മറുപടി തരണമെന്ന് ഞാനും കരുതി. ഞാൻ നല്കിയ ജീവിതം തിരിച്ചെടുക്കാനല്ലേ നീ പ്രാർത്ഥിച്ചത്? അതിനുള്ള ശിക്ഷയായി ഇതിനെ കരുതിയാൽ മതി. ദൈവം നല്കിയ ജീവിതം തിരിച്ചെടുക്കാൻ ഒരിക്കലും പ്രാർത്ഥിക്കരുത് എന്ന് ഇപ്പോഴെങ്കിലും നീ മനസ്സിലാക്കണം. ❑

# രോഗിയുടെ അവകാശങ്ങൾ

▸ ഡോ. സി.എൻ. പരമേശ്വരൻ

**എന്തൊക്കെയാണ്** രോഗിയുടെ അവകാശങ്ങൾ? പ്രഥമ പ്രധാനമായിട്ടുള്ളത് ചികിത്സതന്നെ. ചികിത്സ വേണ്ടത് രോഗിക്കാണല്ലോ. ഒരു വ്യക്തി രോഗിയാവാതിരിക്കാനുള്ള സംവിധാനങ്ങളാണ് അതിനുമുമ്പുണ്ടാവേണ്ടത് - ആരോഗ്യ സുരക്ഷ. അതും ഒരു പൗരാവകാശം തന്നെ - മനുഷ്യാവകാശം. ഇവ രണ്ടും - ആരോഗ്യാവകാശവും ചികിത്സാവകാശവും - സർക്കാർ, പരോക്ഷമായിട്ടെങ്കിലും, പണ്ടേത്തന്നെ അംഗീകരിച്ചിട്ടുള്ളതാണ്. അതിന്റെ തെളിവാണ് സർക്കാരിന്റെ പൊതുജനാരോഗ്യ വകുപ്പും പഴയ ധർമ്മാശുപത്രികളും. പരിസ്ഥിതിയുടെ ശുചിത്വം സുരക്ഷിതമാക്കലാണ് പൊതുജനാരോഗ്യ വകുപ്പിന്റെ പ്രധാന ചുമതല; പിന്നെ വാക്സിനേഷനും. ഇതിൽ വാക്സിനേഷൻ ഏറെക്കുറെ തൃപ്തികരമായി നടക്കുന്നുണ്ടെങ്കിലും പരിസ്ഥിതി സംരക്ഷണവും ധർമ്മാശുപത്രികളിലെ ചികിത്സയും പരമ ദയനീയാവസ്ഥയിലാണ്. സർക്കാർ ചികിത്സാസംവിധാനത്തിന്റെ പരാജയത്തിന്റെ അല്ലെങ്കിൽ പോരായ്മയുടെ തെളിവാണ് തഴച്ചു വളർന്നുകൊണ്ടിരിയ്ക്കുന്ന സ്വകാര്യ ആശുപത്രികളുടെ ലോകം. അങ്ങനെ, പൗരന്റെ ആരോഗ്യ സുരക്ഷാവകാശവും ചികിത്സാവകാശവും അവന് നിഷേധിക്കപ്പെട്ടിരിക്കുന്നു.

ഇനി, ഒരു രോഗി ആശുപത്രിയിൽ എത്തിപ്പെട്ടാൽ അവിടെ അവളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടോ? രോഗിയുടെ ആദ്യത്തെ അവകാശം ചികിത്സ കിട്ടലാണ് - കാലതാമസം കൂടാത്ത, ഫലപ്രദമായ ചികിത്സ. ഇത് കിട്ടണമെങ്കിൽ രോഗിയുടെ കൂടെ സമർത്ഥനായ ഒരു കൂട്ടാളി (ബൈസ്റ്റാന്റർ) ഉണ്ടായിരിക്കണം. അയാളുടെ മിടുക്കും കഴിവും സ്വാധീനവും അനുസരിച്ചിരിക്കും രോഗിക്കു കിട്ടുന്ന ചികിത്സയുടെ ഗുണം.

അന്തസ്സോടുകൂടിയ, മാന്യമായ പെരുമാറ്റം രോഗിയുടെ അവകാശമാണ്. ജീവനക്കാരുടെ സംസാരത്തിലെ മാന്യത മാത്രമല്ല ഇവിടെ വിവക്ഷ. ആശുപത്രിയിൽ രോഗിക്കു കാത്തിരിക്കേണ്ടി വരുന്ന സ്ഥലത്തെ സൗകര്യങ്ങളും ഈ അന്തസ്സിന്റെ ഒരു ഭാഗമാണ്. ഇരിക്കാൻ കസേര - ബഞ്ച് പോരാ:ആവശ്യത്തിനു വെളിച്ചം/ഫാൻ./കുടിവെള്ളം/ ടോയ്‌ലറ്റ് - ഇവയെല്ലാം ഉണ്ടായിരിക്കണം. എത്രനേരം കാത്തിരിക്കേണ്ടി വരും എന്നത് അറിയിക്കുകയും വേണം. മുറിയിൽ ഡോക്ടർ ഉണ്ടാവാത്ത അവസ്ഥ സാധാരണമാണ്. അനിശ്ചിതമായി

കാത്തിരിക്കേണ്ടി വരുന്നത് ഒട്ടും മാന്യമല്ല.

പരിശോധനാമുറിയിലെ സ്വകാര്യത രോഗിയുടെ അവകാശമാണ്. മുറിക്ക് വാതിലുണ്ടാവണം – കർട്ടൻ പോരാ. ഡോക്ടറോട്, ഡോക്ടറോടു മാത്രം പറയാനുള്ള സ്വകാര്യത ലഭ്യമാവണം. മറ്റുള്ളവരെ പുറത്തു പറഞ്ഞയക്കാൻ രോഗിക്ക് ആവശ്യപ്പെടാം. പരിശോധിക്കാൻ പലപ്പോഴും രോഗിയുടെ ഡ്രസ്സ് അഴിക്കേണ്ടി വരും. അത് തൂക്കാനുള്ള കൊളുത്തുണ്ടാവണം.

തന്റെ രോഗമെന്താണെന്നറിയാൻ രോഗിക്കവകാശമുണ്ട്– അനിഷേധ്യമായ അവകാശം. രോഗം മാറിയാൽ പോരേ, രോഗത്തിന്റെ പേരറിയണോ എന്നു ചോദിക്കുന്ന ഡോക്ടർമാർ ഇന്ന് വിരളമാണ്. രോഗം ഇന്നതാണെന്ന് വ്യക്തമായി പറയാൻ ഡോക്ടർക്ക് ഉടനെ കഴിഞ്ഞെന്ന് വരില്ല. എന്നാലും ഒരേകദേശ രൂപം പറയാൻ കഴിയേണ്ടതാണ് – രോഗിക്കു പറയാനുള്ളത് മുഴുവനും ഡോക്ടർ ശ്രദ്ധിച്ചു കേൾക്കുകയും ദേഹം പരിശോധിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ. തനിക്കു പറയാനുള്ളത് മുഴുവനും തടസം കൂടാതെ പറയാനുള്ള സാവകാശം ലഭിക്കേണ്ടതും രോഗിയുടെ അവകാശമാണ്. പരിശോധനാസമയത്ത് ഡോക്ടർ രോഗിയോട് പല ചോദ്യങ്ങളും ചോദിക്കും. പരിശോധന കഴിഞ്ഞാൽ രോഗിക്കുമുണ്ടാവും ഡോക്ടറോട് ചോദിക്കാൻ ഒട്ടേറെ ചോദ്യങ്ങൾ. അതിനുള്ള സാവകാശം രോഗിക്ക് ലഭിക്കണം.

ഡോക്ടറുടെ കുറിപ്പടിയിലെ ഓരോ മരുന്നും എന്തിനുവേണ്ടിയാണെന്ന് അറിയാൻ രോഗിക്കവകാശമുണ്ട്; ഡോക്ടർ അത് വിശദീകരിച്ചുകൊടുക്കണം. വേദനക്ക്, ഛർദ്ദിക്ക്, ഉറക്കത്തിന് എന്നിങ്ങനെ. ഡോക്ടർ സ്വമേധയാ അത് പറഞ്ഞ് കൊടുത്തില്ലെങ്കിൽ രോഗി ചോദിച്ചു മനസ്സിലാക്കണം. ഓരോ മരുന്നിന്റെയും പാർശ്വഫലവും രോഗി അറിഞ്ഞിരിക്കണം. അതുപോലെ, ടെസ്റ്റുകളുടെ ആവശ്യവും ഉദ്ദേശ്യവും രോഗിക്ക് ചോദിക്കാം. എന്തറിയാനാണ് ഈ സ്കാൻ, ഈ എക്സറേ, ഈ രക്ത പരിശോധന? ഇത്തരത്തിലുള്ള ചോദ്യങ്ങൾ കേൾക്കാനും ഉത്തരം പറയാനും ഡോക്ടർമാർക്ക് പൊതുവെ വലിയ ഉത്സാഹം ഉണ്ടാവാറില്ല എന്ന കാര്യം രോഗി ഗൗനിക്കേണ്ട. ആവശ്യം തന്റേതാണല്ലൊ.

ചികിത്സ തുടങ്ങും മുമ്പ് രോഗത്തിന്റെ പൂർണമായ വിവരം അറിയുക രോഗിയുടെ അവകാശമാണ്: ന്യൂമോണിയയാണോ, ഹൃദ്രോഗമാണോ, കരൾ രോഗമാണോ, കാൻസർ രോഗമാണോ? അതുപോലെ ചികിത്സയുടെയും വിശദ വിവരങ്ങൾ ചോദിച്ചറിയണം. മരുന്നു ചികിത്സയാണോ, ഓപ്പറേഷനാണൊ, റേഡിയേഷനാണോ എന്നൊക്കെ. ഈ ചികിത്സ എടുത്തില്ലെങ്കിൽ എന്തുണ്ടാവും? ചികിത്സ എത്ര കാലമെടുക്കും? ഫലമെന്താവും? അപകടങ്ങളെന്തൊക്കെ? എന്ത് ചിലവു വരും? നിർദിഷ്ടമായതല്ലാതെ വേറെ ചികിത്സ വല്ലതുമുണ്ടോ?

പൂർണ വിവരങ്ങളടങ്ങുന്ന കേസ് ഷീറ്റ് ലഭിക്കാനും രോഗിക്ക് അവകാശമുണ്ട്: ടെസ്റ്റുകളുടെ ഫലങ്ങൾ, എക്സറെ, സ്കാൻ എന്നിവയുടെ ഫിലിമുകൾ, എൻഡോസ്കോപിയുടെ ഫോട്ടോ എന്നിവയൊക്കെ അടങ്ങുന്ന കേസ് ഷീറ്റ്. പല ആശുപത്രിക്കാരും ഇവയൊന്നും രോഗികൾക്ക് കൊടുക്കാറില്ല. അത് ആശുപത്രിയുടെ റെക്കോർഡാണെന്ന് അവർ പറയും. ആയിക്കോട്ടെ. അതിന്റെ ഫോട്ടോസ്റ്റാറ്റ് വാങ്ങിയാൽ മതി. അതൊക്കെ കിട്ടിയാൽ രോഗിക്ക് രണ്ടാമതൊരു അഭിപ്രായം തേടാം. രണ്ടാമതഭിപ്രായം തേടുന്നതിനോട് ഡോക്ടർമാരുടെ വൈമനസ്യം ഇപ്പോൾ കുറഞ്ഞുവരികയാണ്. പലരും അത് സ്വാഗതം ചെയ്യുന്നുമുണ്ട്.

ചികിത്സ നിരസിക്കാനും രോഗിക്ക് അവകാശമുണ്ട്. സ്തനാർബുദമാണ്, ഓപ്പറേഷൻ ചെയ്യണം, കീമോ എടുക്കണം എന്ന് ഡോക്ടർ നിർദേശിച്ചു. പക്ഷെ രോഗി ശഠിക്കുന്നു തനിക്കിതൊന്നും വേണ്ടെന്ന്. ചികിത്സിച്ചില്ലെങ്കിൽ രണ്ട് കൊല്ലം കൊണ്ട് മരിക്കും എന്ന് ഡോക്ടർ. മരിച്ചോട്ടെ എന്ന് രോഗി. ചികിത്സിക്കാതിരിക്കുന്നതും രോഗിയുടെ അവകാശമത്രെ. മരിക്കുന്നതും. സ്വച്ഛന്ദമരണാവകാശം നിയമാധീനമാക്കുന്ന രാജ്യങ്ങളുടെ എണ്ണം ഇപ്പോൾ കൂടി വരികയാണ്. സന്മരണം (യൂത്തനേസിയ), അന്തസ്സോടെയുള്ള മരണം, ഒരു മനുഷ്യാവകാശമായി അംഗീകരിക്കപ്പെട്ടുവരികയാണ്.

അവകാശങ്ങളൊന്നും ആരും സ്വമേധയാ ആർക്കും അനുവദിച്ച് കൊടുക്കാറില്ല. അത് ആവശ്യക്കാർ ചോദിച്ച് പിടിച്ച് വാങ്ങണം. രോഗികളുടെ അവകാശങ്ങളുടെ സ്ഥിതിയും വിഭിന്നമല്ല. തങ്ങളുടെ അവകാശങ്ങൾ ഏതൊക്കെ എന്ന് രോഗികൾ അറിഞ്ഞിരിക്കണം. എന്നാലല്ലേ ആവശ്യപ്പെടാൻ കഴിയൂ?

●

# വീണ്ടുമൊരു കൂടിച്ചേരൽ?

▶ തമ്പി കൊള്ളന്നൂർ

രോഗിയായ അമ്മയുടെ പേർ ക്ളിനിക്കിൽ രജിസ്റ്റർ ചെയ്യുവാനായിട്ടാണ് അയാൾ എന്റെ മുന്നിൽ ഇരിക്കുന്നത്. മുപ്പത് വയസ്സിന് താഴെ പ്രായം കാണും. ബിരുദധാരിയാണ്. വിവാഹം കഴിഞ്ഞിട്ടില്ല. ചെറിയൊരു ജോലിയുണ്ട്. വീട്ടിലെ ഇപ്പോഴത്തെ ഏക വരുമാനവും അതാണ്. വിലാസവും, വീട്ടിലേയ്ക്കുള്ള വഴിയും ഫോൺ നമ്പറും തന്നതിനുശേഷം രോഗിയെ സംബന്ധിച്ച കാര്യങ്ങളിലേയ്ക്ക് കടന്നു.

വർഷങ്ങൾക്കു മുമ്പെ അച്ഛൻ അമ്മയെ ഉപേക്ഷിച്ചുപോയി. അതൊരു മാനസിക തളർച്ചയായി ഇന്നുവരെയും അമ്മയിൽ നിലനില്ക്കുന്നു. രണ്ടുപെൺമക്കളെ അത്യാവശ്യം വിദ്യാഭ്യാസം നല്കി കെട്ടിച്ചയയ്ക്കാനും മകനെ ബിരുദധാരിയാക്കാനും അമ്മ വളരെ കഷ്ടപ്പെട്ടു. വർഷങ്ങളായി എട്ടുപത്ത് പശുക്കളെ വളർത്തി അവയുടെ പാലും ചാണകവും വിറ്റിട്ടാണ് അമ്മ കാര്യങ്ങൾ നടത്തിയിരുന്നത്. ഭക്ഷണത്തിലും വസ്ത്രത്തിലും പിശുക്ക് കാണിച്ച് അമ്മ ചിട്ടികൾ നടത്തി, വലിയ ആവശ്യങ്ങൾക്കുളള പണം സ്വരൂപിക്കാൻ ശ്രമിച്ചിരുന്നു. അവർ സഹിച്ച കഷ്ടപ്പാടുകളും വിഷമതകളും ക്രമേണ അവരുടെ ആരോഗ്യവും കവർന്നെടുത്തു. ചികിത്സയുടെ ഭാഗമായി നടത്തിയ ടെസ്റ്റുകളിൽ നിന്നാണ് രോഗം കാൻസറാണെന്ന് തിരിച്ചറിഞ്ഞത്. വീട്ടിലെ അടുക്കളജോലികൾക്കായി ഇപ്പോൾ സഹായത്തിന് ഒരാളെ നിർത്തിയിരിക്കുകയാണ്; മകൻ ജോലിയ്ക്ക് പോകുമ്പോൾ അമ്മയ്ക്ക് കൂട്ടിനുവേണ്ടിയും.

അമ്മയെക്കുറിച്ച് പറയുമ്പൊഴൊക്കെ ആ മകൻ വികാരാധീനനായി. അവരെക്കുറിച്ച് നല്ലതുമാത്രമേ അയാൾക്ക് പറയാനുണ്ടായിരുന്നുള്ളൂ. സ്നേഹവും സന്തോഷവും സമാധാനവും ഉണ്ടായിരുന്ന ആ വീട്ടിൽ നിന്ന്, അവരുടെ അച്ഛൻ എങ്ങനെ അന്യനായി എന്നെനിക്ക് അത്ഭുതം തോന്നി. എന്റെ വാക്കുകളിൽ നിന്ന് ആ സംശയം അയാൾ വായിച്ചെടുത്തു. അപ്പോൾ അയാൾ ആ കുടുംബകഥ പറഞ്ഞു തുടങ്ങി.

വിവാഹത്തിനുശേഷം എട്ടുവർഷത്തിനുള്ളിൽ അമ്മ മൂന്ന് പ്രസവിച്ചു. രണ്ടു സഹോദരിമാരെയും മൂന്നാമതായി അയാളെയും. അച്ഛന് ദൂരെ ഒരിടത്തായിരുന്നു ജോലി. എല്ലാ ആഴ്ചകളിലും അച്ഛൻ വീട്ടിലെത്തുമ്പോൾ ഉത്സവ പ്രതീതിയായിരുന്നു വീട്ടിൽ. എന്നാൽ ക്രമേണ അച്ഛന്റെ യാത്രകളുടെ എണ്ണം കുറഞ്ഞു വന്നു; വീട്ടിലെ ചെലവുകൾ നടത്താനായി തന്നിരുന്ന സംഖ്യയും. അമ്മക്ക് എന്തൊക്കെയൊ സംശയങ്ങൾ തോന്നിയത് അന്വേഷണത്തിൽ ശരിയാണെന്ന് അറിഞ്ഞു. ജോലിസ്ഥലത്ത് അച്ഛൻ മറ്റൊരു സ്ത്രീയുമായാണ് ജീവിക്കുന്നത് എന്നും ആ ബന്ധത്തിൽ ഒരു മകൻ ഉണ്ടെന്നും. അമ്മയുടെ കണ്ണുനീരും പരിഭവവും കൂടി വന്നപ്പോൾ അച്ഛന്റെ പ്രതികരണ രീതിയും മാറി. ഒടുവിൽ അച്ഛന്റെ ഭീഷണിക്കു മുന്നിൽ നിയമപരമായ വിവാഹമോചനത്തിന് അമ്മ തയ്യാറായി.

ഇതിനിടെ പെൺമക്കൾ വളർന്നു വന്നു. മനസ്സുപതറാതെ, അമ്മ കുടുംബകാര്യങ്ങൾ നടത്തി. അമ്മയുടെ ബന്ധുക്കളുടെ സഹായത്തോടെ പെൺമക്കളെ കെട്ടിച്ചയച്ചു. ഇളയ മകനായിരുന്ന അയാളും കോളേജിൽ പഠിക്കാൻ തുടങ്ങിയിരുന്നു.

ഭർത്താവിനെ പൂർണ്ണമായും മറന്ന് ജീവിച്ചിരുന്ന ആ കാലത്തായിരുന്നു ഒരു ദിവസം വീണ്ടും അച്ഛൻ വീട്ടിൽ കയറി വന്നതും, ക്ഷമാപണം പറഞ്ഞുകൊണ്ട് സ്നേഹം തന്ന് എല്ലാവരെയും അതിശയിപ്പിച്ചതും. അമ്മയും ആ പുനർജീവിതം സ്വീകരിക്കാൻ തയ്യാറായി. സന്തോഷവും ആനന്ദവും അവരുടെ ആരോഗ്യത്തിലും ഉണർവ്വ് വരുത്തി. ഒരു ദിവസം അച്ചൻ ഒരു നിർദ്ദേശം വെച്ചു: നമുക്കൊരു പുനർവിവാഹം ആയാലൊ? അച്ഛന്റെ സ്നേഹത്തിനുമുന്നിൽഅമ്മയും മക്കളും സമ്മതം മൂളി. ജോലിസ്ഥലത്തുണ്ടായിരുന്ന ആ പഴയ ബന്ധമൊക്കെ അച്ഛൻ പൂർണ്ണമായും ഉപേക്ഷിച്ചിരുന്നു.

രജിസ്ട്രാഫീസിൽ വെച്ച്, മക്കളുടെയും പേരക്കുട്ടികളുടെയും സാന്നിദ്ധ്യത്തിൽ അച്ഛനും അമ്മയും വീണ്ടും വിവാഹിതരായി. അക്കാലത്ത് നാട്ടിൽ അതൊരു വാർത്തയും അത്ഭുതവും ആയിരുന്നു. ജീവിതം സന്തോഷത്തോടെ കടന്നുപോയി. അച്ഛൻ റിട്ടയർ ചെയ്തു. നല്ലൊരു സംഖ്യ അദ്ദേഹത്തിന് ആ സമയത്ത് കൈവന്നിരുന്നു.

ഒരു ദിവസം അവിചാരിതമായി, അച്ഛനും അമ്മയും തമ്മിൽ, അവർ മാത്രം അറിഞ്ഞ ഒരു കാര്യത്തിന്റെ പേരിൽ വാക്കേറ്റവും വഴക്കും ഉണ്ടായി. ക്രുദ്ധനായ അച്ഛൻ വാശിയോടെ വീട്ടിൽ നിന്ന് ഇറങ്ങിപ്പോയി – ഒരു വിടവാങ്ങലിന്റെ ഭീഷണിയോടെ.

ഈ അനുഭവം അമ്മയെ വല്ലാതെ തളർത്തി. രോഗങ്ങൾ ഒന്നൊന്നായി അമ്മയെ അവശയാക്കി. ഒടുവിലത് വയറിനകത്ത് പടർന്നു കഴിഞ്ഞ കാൻസർ രോഗം എന്ന് വിധി എഴുതപ്പെട്ടു. മറ്റ് ചികിത്സകൾ ചെയ്യാൻ സാധിക്കാത്ത നിലയിലേക്ക് രോഗം മൂർച്ഛിച്ചിരിക്കുന്നു. സാന്ത്വന പരിചരണത്തിലേക്ക് അങ്ങിനെയാണ് വന്നു ചേർന്നിരിക്കുന്നത്.

ആ മകൻ കഥ പറയുന്നതിനിടയിൽ, ക്ളിനിക്കിലെ ഫയലിലേയ്ക്ക് ആവശ്യമായ വസ്തുതകൾ ഞാൻ എഴുതി ചേർത്തിരുന്നു. പിന്നീട് ഫയലിന് നമ്പർ ചാർത്തുകയും, അയാളെ ഡോക്ടറുടെ മുന്നിലേയ്ക്ക് എത്തിക്കുവാനായി കാത്തിരിക്കുകയുമായിരുന്നു. ആ സമയത്ത്ഞാൻ പറഞ്ഞു: നിങ്ങളുടെ അമ്മയെ വീട്ടിൽ വന്ന് കണ്ട് കൂടുതൽ പരിചരണം ആവശ്യമാണോ എന്നറിയാൻ ഇവിടെ നിന്ന് ഒരു ഹോം വിസിറ്റ് അടുത്ത് തന്നെ ഉണ്ടാകും. അക്കാര്യം ഡോക്ടർ പറയും.

അത് കേട്ടപ്പോൾ മറ്റൊന്നുകൂടെ പറയാൻ ബാക്കിയുണ്ട് എന്ന ഭാവത്തിൽ അയാൾ എന്നോട് അടുത്തിരുന്നു. എന്നിട്ട് പതിഞ്ഞ സ്വരത്തിൽ പറഞ്ഞു: സർ, നിങ്ങൾ വിട്ടിൽ വരുമ്പോൾ ഒരു പക്ഷെ, അച്ഛൻ വീണ്ടും വീട്ടിൽ ഉണ്ടായെന്നിരിക്കും. അമ്മയുടെ ഇപ്പോഴത്തെ അവസ്ഥ കേട്ടറിഞ്ഞ് അമ്മയെ കാണാൻ വരാൻ ആഗ്രഹമുണ്ടെന്നും, അമ്മയുടെയും മക്കളുടെയും സമ്മതത്തിന് കാത്തിരിക്കുകയാണെന്നും മറ്റൊരാൾ വഴി അച്ഛൻ അറിയിച്ചിരുന്നു. അച്ഛനിപ്പോൾ ജോലിയൊന്നുമില്ലാതെ ആരോഗ്യം ക്ഷയിച്ച് ഒറ്റയ്ക്ക് ജീവിക്കയാണ്.

അങ്ങിനെയാണോ? എനിക്കത്ഭുതം തോന്നി. അമ്മയുടെ ഇഷ്ടത്തിന് പ്രാധാന്യം കൊടുക്കേണ്ടതാണെന്ന് തോന്നുന്നു. ഇന്നത്തെ അവസ്ഥയിൽ അവർ രണ്ടുപേർക്കും ആശ്വാസവും താങ്ങും സന്തോഷവും കിട്ടാൻ വീണ്ടുമൊരു കൂടിച്ചേരൽ നല്ലതാണല്ലൊ.

തീർച്ചയായും; സർ അയാൾ പറഞ്ഞു. ഞങ്ങൾ മക്കൾക്കും അമ്മയുടെ സന്തോഷമാണ് വലുത്. ദൈവം കൂട്ടിച്ചേർത്ത ബന്ധം ഒരിക്കലും ഇല്ലാതാക്കരുത്. അയാളുടെ കണ്ണുകൾ നിറഞ്ഞിരുന്നു.

അടുത്ത തവണ അമ്മയ്ക്ക് മരുന്ന് വാങ്ങാൻ വരുമ്പോൾ വീണ്ടുമൊരു കൂടിച്ചേരലിന്റെ കഥ അയാൾ പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു ❍

# ഗൃഹപരിചരണം
# വിദ്യാർത്ഥികളുടെ അനുഭവം

**രാഖി & പ്രവീണ**
ജി.വി.എച്ച്.എസ്.എസ്, ഒല്ലൂർ

**21.10.2015** ബുധനാഴ്ച പെയിൻ ആന്റ് പാലിയേറ്റീവ് കെയറിന്റെ ഹോംകെയറിൽ പങ്കെടുക്കാൻ അവസരം ലഭിച്ചതിൽ വളരെയേറെ അഭിമാനം തോന്നുന്നു. സമൂഹത്തിൽ അറിയേണ്ടതും പ്രവർത്തിക്കേണ്ടതുമായ ഒരുപാട് കാര്യങ്ങൾ ഉണ്ടെന്ന് വീണ്ടും വീണ്ടും ബോധ്യപ്പെടുത്തുകയാണ് പെയിൻ ആന്റ് പാലിയേറ്റീവ്. രാവിലെ ഒമ്പത് മണിമുതൽ ഉച്ചയ്ക്ക് രണ്ട് മണിവരെ നീണ്ടുനിന്ന ഒരു കൊച്ചുയാത്ര. അതിലുപരി തൊട്ടറിഞ്ഞ വ്യത്യസ്തങ്ങളായ ജീവിതങ്ങൾ. ആറ് വീടുകളിലേയ്ക്കാണ് ഞങ്ങൾ ഹോംകെയറിനായി പോയത്. ആദ്യമായി ഞങ്ങൾ പോയത് ഒളരിയിലുള്ള ജോൺ ചേട്ടന്റെ വീട്ടിലേയ്ക്കാണ് 54 വയസ്സ് പ്രായമുള്ള അദ്ദേഹം ട്രെസ്സ് വർക്കിന് പോകുന്നുണ്ട്. കിഡ്നി മാറ്റി വെച്ചതാണ്. ആഴ്ചയിൽ മൂന്ന് ഡയാലിസിസ് ജൂബിലി മിഷനിൽ നടത്തുന്നുണ്ട്. വീട്ടുകാർ സ്വത്തു തർക്കം മൂലം പുറത്താക്കി. ആകെ കിട്ടിയ 1 1/2 സെന്റ് ഭൂമിയിൽ ഒരു വീട് മുകളിൽ കൊച്ചു റൂമും അടുക്കളയുമായ സ്ഥാനത്ത് താമസം. താഴെ വാടകയ്ക്ക് കൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഭാര്യ കാലിന് പോളിയോ ബാധിച്ച് കേൾവിക്കുറവുള്ള ആളാണ്.

രണ്ടാമത്തെ കുടുംബം സജി ചേച്ചിയുടേതാണ്. തളിക്കുളത്താണ് വീട് 44 വയസ്സ് പ്രായമുള്ള ആ അമ്മയ്ക്ക് ബ്രസ്റ്റ് കാൻസർ വന്ന് കീമോ ചെയ്ത് നിർത്തിയ ശേഷം 2014ൽ വീണ്ടും വിഷമം വന്നപ്പോൾ 12 കീമോ കൂടെ ചെയ്തു. ആർസിഎമ്മിന്റെ സെയിൽസ് വർക്കിന് പോകുന്നുണ്ട്. ഭർത്താവിന് അസുഖം മൂലം ജോലി ചെയ്യാൻ സാധിക്കില്ല. ഫർണീച്ചർ പണിക്ക് പോകുന്ന മകന്റെ വരുമാനത്തിലാണ് കുടുംബം കഴിയുന്നത്. ഹോസ്പിറ്റൽ ആവശ്യങ്ങൾക്കായി വീട് വിറ്റു. സ്വന്തമായി ഭൂമിയില്ല. തന്റേതായ സങ്കങ്ങൾ തുറന്നുപറയാൻ ആരുമില്ലാത്ത വെമ്പലാണ് ആ മനസ്സ് നിറയെ.

മൂന്നാമത്തെ കുടുംബം തളിക്കുളത്തുള്ള ആർഷയുടേതാണ്. 18 വയസ്സ് മാത്രം പ്രായമുള്ള ആ സുഹൃത്തിന് മെന്റൽ പ്രോബ്ളം ഉണ്ട്. ഇപ്പോൾ കിഡ്നി ഡയാലിസിസ് വീട്ടിൽ ചെയ്യുന്നു. വളരെ വിഷമിച്ചാണ് ആ കുടുംബം. ആ കുട്ടിയുടെ വിദ്യാഭ്യാസം പാതി വഴിയിൽ മുടങ്ങി. ആരുമായും സൗഹൃദം ഇല്ല. സംസാരിക്കാൻ ആരുമില്ല. വല്ലാത്ത ഒറ്റപ്പെടലാണ് ആ കുട്ടിയുടെ മനസ്സ് മുഴുവനും.

നാലാമത്തെ വീട് അന്തിക്കാടുള്ള മുഹമ്മദ് ഇക്കാന്റെ. 51 വയസ്സ് പ്രായമുള്ള അദ്ദേഹത്തിന് രണ്ട് തവണ കിഡ്നി ട്രാൻസ്പ്ളാന്റ് കഴിഞ്ഞു. ഒരു തവണ ആൻജിയോപ്ളാസ്റ്റിയും. ഇനിയും രണ്ട് സർജറികൾ പറഞ്ഞിട്ടുണ്ട്. അടിക്കടി വരുന്ന അസുഖങ്ങൾ മനോധൈര്യം കെടുത്തുന്നു. അദ്ദേഹവും കുടുംബവും സാമ്പത്തികമായും വളരെയേറെ വിഷമിക്കുന്നുണ്ട്.

പിന്നീട് ഞങ്ങൾ പോയത് കാഞ്ഞാണിയിലുള്ള മാഗി ചേച്ചിയുടെ വീട്ടിലാണ്. 27 വയസ്സാണ് ആ ചേച്ചിയുടെ പ്രായം. ക്ളിനിക്കിൽ നിന്നും മെഡിസിൻ സഹായം എടുക്കുന്നില്ല. കിഡ്നി ട്രാൻസ്പ്ളാന്റ് കഴിഞ്ഞ് രണ്ടര വർഷം കഴിഞ്ഞു. അമൃത ഹോസ്പിറ്റലിലാണ് ട്രാൻസ്പ്ളാന്റ് ചെയ്തത്. സാമ്പത്തികപരമായി ഏറെ പരിമിതികളുള്ള കുടുംബമാണ് രാഗി ചേച്ചിയുടേത്.

അവസാനമായി ഞങ്ങൾ എത്തിച്ചേർന്നത് കുന്നത്തങ്ങാടിയിലെ 21 വയസ്സ് പ്രായമുള്ളരമേഷ് ചേട്ടന്റെ വീട്ടിലാണ്. 2012-ലെ ഒരു ആക്സിഡന്റ്, ഒരു ജീവിതത്തെയാണ് തളർത്തിയത്. അരയ്ക്ക് കീഴ്പോട്ട് തളർന്ന ആ ചേട്ടന്റെ എല്ലാ സൗഭാഗ്യങ്ങളും തളർത്തിക്കൊണ്ട് ആ അപകടം കിടപ്പിലാക്കി. ക്ളിനിക്കിലെ ഡോ. റൂബി പറഞ്ഞ് വെല്ലൂർ ആശുപത്രിയിലെ പുനരധിവാസ - ഫിസിയോ യൂണിറ്റിൽ നിന്നും കിട്ടിയ ധൈര്യം ആ ചേട്ടനെ വീൽ ചെയറിലെക്കെത്തിച്ചു. സ്വന്തം കാര്യങ്ങൾ ഒരു പരിധി വരെ ചെയ്യാനും കഴിയും. വളരെ നല്ലൊരു പുരോഗമനമായിരുന്നു അത്. ഇപ്പോൾ ബികോമിന് പഠിക്കുന്ന ആ ചേട്ടന് വളരെ വലിയ പ്രതീക്ഷകളാണ് ഭാവിയെക്കുറിച്ചുള്ളത്.

വളരെയേറെ കഷ്ടപ്പെടുന്ന പലപല ജീവിതങ്ങൾക്ക് നമ്മുടെ സാന്നിധ്യം കൊണ്ട് വളരെ വലിയ സമാധാനവും സാന്ത്വനവും നല്കാൻ കഴിയുമെന്ന് ഞങ്ങൾക്ക് കാണിച്ചു തന്നത് പെയിൻ ആന്റ് പാലിയേറ്റീവ് ആണ്. ഈ ഒരു ദിവസത്തിൽ പെയിൻ ആന്റ് പാലിയേറ്റീവിന്റെ സാന്നിദ്ധ്യം കൊണ്ട് ആറ് കുടുംബങ്ങൾക്ക് അല്പം ആശ്വാസമാണ് ഉണ്ടായത്. കഷ്ടത അനുഭവിക്കുന്ന പലരേയും സഹായിക്കാൻ സന്മനസ്സുള്ളവരായി തീരട്ടെ ഭാവി തലമുറ എന്ന പ്രാർത്ഥനയേ ഞങ്ങൾക്കുള്ളൂ. ഈയൊരു അവസരം തന്നതിന് ആവശ്യത്തിന് ഞങ്ങളെ സന്നദ്ധരാക്കിയ പെയിൻ ആന്റ് പാലിയേറ്റീവിന് ഞങ്ങൾ നന്ദി പറയുന്നു. ✦

Quarterly issue of PAIN AND PALLIATIVE CARE SOCIETY, THRISSUR
(Private circulation only)



**ശ്രീമതി കെ.വി. പത്മാവതി വാരസ്യാരുടെ ഓർമ്മയ്ക്കായി നമ്മുടെ പുതിയ കെട്ടിടത്തിലെ ഡേ കെയർ സെന്റർ നിർമ്മാണത്തിലേയ്ക്കുള്ള സംഭാവന പത്ത് ലക്ഷം രൂപയുടെ ചെക്ക് 2015 നവംബർ 20ന് സഹോദരനും പ്രസിദ്ധ കവിയുമായ പ്രൊഫ. കെ.വി. രാമകൃഷ്ണൻ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ സൊസൈറ്റി ചെയർമാൻ ഡോ. എ.കെ. ഉണ്ണികൃഷ്ണന് കൈമാറുന്നു. തദവസരത്തിൽ ആദ്യത്തെ 'ശ്രീമതി കെ.വി. പത്മാവതി വാരസ്യാർ' അനുസ്മരണ പ്രഭാഷണം ഡോ. ഇ. ദിവാകരൻ നടത്തി.**

From

Address : ..........................................................................
...................................................................................................
...................................................................................................

Rs: ................................. (Rupees......................................................................only)
by cash / cheque / DD No. ............................................. dated .................................
**as donation** in favour of Pain and Palliative Care Society, Thrissur. You may also transfer to our SB A/c **13680100012214** with The Federal Bank Ltd., M.O. Road, Thrissur - 680 001. Branch, **IFSC Code: FDRL0001368.**

The Secre.y
**Pain and Palliative Care Society**
Old District Hospital Buil`ding
Thrissur - 680 001

Donation to the Society are exempted from Income Tax under Section 80G.

Printed and Published by Pain and Palliative Care Society, Thrissur. Phone : 9447442354 (Sasiraja)
Printed at iMAC Creations, Thrissur - 680 001. Ph : 0487-2420784. Managing Editor : Secretary, PPCS